**പതിനാലാം കേരളനിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 2047** — **11.06.2018-ൽ മറുപടിക്ക്**

## മരണത്തിലെ ദുരൂഹതകൾ

| ചോദ്യം<br>ശ്രീ.അനൂപ് ജേക്കബ് | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) എളങ്കുന്നപ്പുഴ പെരുമാൾപ്പടി ആശാരി പറമ്പിൽ മാനം കണ്ണേഴത്ത് വിജയന്റെ മകൾ 21 വയസുള്ള കൃഷ്ണപ്രിയയുടെ മൃതദേഹം വിവാഹ ദിനത്തിന്റെ പിറ്റേന്ന് വേമ്പനാട്ടു കായലിൽ കണ്ടെത്തിയത് സംബന്ധിച്ച് ഞാറയ്ക്കൽ പോലീസിൽ പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) എളങ്കുന്നപ്പുഴ പെരുമാൾപ്പടി ആശാരിപ്പറമ്പിൽ മാനം കണ്ണേഴത്ത് വിജയന്റെ മകൾ 21 വയസ്സുള്ള കൃഷ്ണപ്രിയയുടെ മൃതദേഹം വേമ്പനാട് കായലിൽ കണ്ടെത്തിയത് സംബന്ധിച്ച് ഞാറയ്ക്കൽ പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചിട്ടില്ല. എന്നാൽ ടിയാളെ കാണാതായ വിവരത്തിന് ഞാറയ്ക്കൽ പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചിട്ടുണ്ട്. (ക്രൈം നം.634/18 u/s 57 of KP Act). മൃതദേഹം വേമ്പനാട്ടുകായലിൽ കണ്ടെത്തിയ് സംബന്ധിച്ച് കൊച്ചി സിറ്റിയിലെ മുളവുകാട് പോലീസ് സ്റ്റേഷനിൽ ക്രൈം നം.601/18 ആയി കേസ്സ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. |
| (ബി) പ്രസ്തുത മരണത്തിലെ ദുരൂഹത നീക്കാൻ വിശദമായ അന്വേഷണം നടത്തണമെന്ന് ബന്ധുക്കൾ ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമായ അന്വേഷണം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) ദുരൂഹതയുള്ളതായി ബന്ധുക്കളിൽ നിന്നോ മറ്റോ പരാതികൾ ഒന്നുംതന്നെ ഇതുവരെ ലഭിച്ചിട്ടില്ലാത്തതാണ്. |
| (സി) പിറവം നിയോജകമണ്ഡലത്തിലെ ഇലഞ്ഞി പഞ്ചായത്ത് 1- ാം വാർഡിലെ മിഷേൽ ഷാജി എന്ന യുവതിയുടെ അസ്വാഭാവിക മരണവുമായി മേൽ സംഭവത്തിന് സാമ്യമുള്ളതായി പരിശോധിച്ചിട്ടുണ്ടോ ; മിഷേൽ ഷാജി എന്ന യുവതിയുടെ അസ്വാഭാവിക മരണം സംബന്ധിച്ച അന്വേഷണത്തിന്റെ പുരോഗതി അറിയിക്കുമോ ? | (സി) പരിശോധിച്ചിട്ടില്ല. മിഷേൽ ഷാജിയുടെ മരണവുമായി ബന്ധപ്പെട്ട കേസ് സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷണം നടത്തി വരുന്നു. മിഷേലിന്റെ മൃതദേഹം കാണപ്പെട്ട സ്ഥലത്തുനിന്നും മുൻകാലങ്ങളിൽ റിപ്പോർട്ടായ അസ്വാഭാവിക മരണക്കേസുകളുടെ എഫ്.ഐ.ആർ., ഇൻക്വസ്റ്റ് റിപ്പോർട്ട്, ഫോട്ടോകൾ മുതലായവയുമായി താരതമ്യ പഠനം നടത്തിയതിൽ നിന്നും, കണ്ടുചോദിച്ച സാക്ഷിമൊഴികളിൽ നിന്നും മരണത്തിൽ നാളിതുവരെയുള്ള അന്വേഷണത്തിൽ അസ്വാഭാവികമായി യാതൊന്നും കണ്ടെത്താനായിട്ടില്ലാത്തതാണ്.<br>ഈ കേസ്സിലേയ്ക്ക് മിഷേലിന്റെ ദൃശ്യങ്ങളും, പിങ്ക് പട്രോൾ വാഹനത്തിൽ കാണപ്പെട്ട സി.സി.ടി.വി.ദൃശ്യങ്ങളും, വിവിധ സ്ഥാപനങ്ങളിൽ നിന്നും ബന്തവസ്സിലെടുത്ത സി.സി.ടി.വി.ദൃശ്യങ്ങളും FSL-ന്റെ പരിശോധനയിലാണ്. |

Deepa

**സെക്ഷൻ ഓഫീസർ**